## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1708 07.03.2018 ൽ മറുപടിക്ക്

### ജനകീയ ആരോഗ്യ നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ജനകീയ ആരോഗ്യ നയം നടപ്പാക്കുമെന്ന എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച കരട് ആരോഗ്യനയത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 22.02.2018 ലെ സ.ഉ(കൈ) നം. 32/2018/ആ.കു.വ പ്രകാരം ഡോക്ടർ ബി. ഇക്ബാൽ ചെയർമാനും ഡോ. കെ.പി.അരവിന്ദൻ കൺവീനറുമായി 17 അംഗ വിദഗ്ധ സമിതി സമർപ്പിച്ച കരട് ആരോഗ്യ നയം അംഗീകരിച്ചു. ടി കരട് ആരോഗ്യനയത്തിൽ മുൻഗണന നൽകുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പകർച്ചവ്യാധികളുടെ നിയന്ത്രണം<br>2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം.<br>3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ.<br>4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.<br>5. ദ്വിതീയ തലത്തിൽ രോഗസങ്കീർണതകളുടെ നിയന്ത്രണം.<br>6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം<br>7. തൃതിയ റഫറൽ സമ്പ്രദായം നടപ്പാക്കൽ<br>8. ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തൽ. |
| (ബി) | മോഡേൺ മെഡിസിൻ വിഭാഗത്തിൽ ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്, ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ്, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ എന്നീ മൂന്നു ഡയറക്ടറേറ്റുകൾക്ക് രൂപം നൽകുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | മോഡേൺ മെഡിസിൻ വിഭാഗത്തിനു കീഴിൽ 3 ഡയറക്ടറേറ്റുകൾ ഉണ്ടാകും.<br>1. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്<br>2. ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ്<br>3. ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ<br>ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെ 3 കേഡറുകളായി വിഭജിക്കപ്പെടും. പ്രാഥമിക, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ലാ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽ പെടും. സ്പെഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണ നിർവഹണ തസ്തികകളും ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ് കേഡറിലും മെഡിക്കൽ കോളേജുകളിലുള്ളവർ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ കേഡറിലും ഉൾപ്പെടും. |
| (സി) | പ്രസ്തുത പുന:സംഘടന മൂലം ഏതെല്ലാം തരത്തിലുള്ള നേട്ടം കൈവരിക്കാനാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ